Home Minister (SHRI A. J. JOHN):

(a) Rs. 3,86,000.

1. The Sitaram Spinning and Weaving Mills Ltd. Trichur. Rs. 2,00,000.
2. The Electrical and Allied Industries Ltd., Kundara. Rs. 1,00,000.
3. The West Coast Fisheries Ltd., Rs. 86,000.

(b) In the case of the Sitaram Spinning & Weaving Mills and the Electrical and Allied Industries Ltd, the loan amounts were sanctioned to provide working funds to run the concerns afresh, consequent on Government taking over the management of the concerns. In the case of the West Coast Fisheries the loan was paid to the Company to clear the outstanding dues.

കടിയൊഴിപ്പിക്കൽ.

* 269. [10] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള 'കടികിടപ്പു നിയമം' നടപ്പിലായതിനു ശേഷം എത്ര പേർ ഈ നിയമമനുസരിച്ചു പേരു രജിസ്റ്റർ ചെയ്തിട്ടുണ്ടു;

(ബി) ഈ നിയമം പ്രാബല്യത്തിലായശേഷം എത്ര കടിയൊഴിപ്പിക്കൽ കേസുകളുണ്ടായിട്ടുണ്ടു;

(സി) ആരെങ്കിലും ഈ നിയമം ദുർവിനിയോഗം ചെയ്യുന്നതായി ഗവണ്മെൻറിനറിവുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 4,429.

(ബി) വൈക്കം താലൂക്കിലും മീനച്ചൽ താലൂക്കിലും കാരേ കടികഴിപ്പിക്കൽ ഉണ്ടായിട്ടുണ്ടു.

(സി) അറിവില്ല.

പഞ്ചായത്തുകളുടെ പുനർ വിഭജനം.

* 270. [11] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പുനർവിഭജനം ആവശ്യമെന്നു കാണിച്ചു എത്ര പഞ്ചായത്തുകളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടു; അവയിന്മേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly